സഹകരണ സംഘം ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി

173 [772] ശ്രീ. തോമസ് ഉണ്ണിയാടൻ :
„ ജോസഫ് എം. പുതുശ്ശേരി :
„ സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി പല സഹകരണ സംഘം ഭരണ സമിതികളും ജീവനക്കാർക്കെതിരെ ശിക്ഷണനടപടി കൈക്കൊള്ളുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സഹകരണ നിയമം ചട്ടം 198 ദുർവിനിയോഗം ചെയ്തുകൊണ്ട് ശിക്ഷണ നടപടികൾ നേരിടുന്ന ജീവനക്കാരന് നിയമപരമായ സംരക്ഷണം നൽകുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കാമോ ;

(സി) ഭരണസമിതികൾ കൈക്കൊള്ളുന്ന ശിക്ഷണ നടപടികൾക്കെതിരെ പരാതിപ്പെട്ടുകൊണ്ട് കഴിഞ്ഞ 3 കൊല്ലങ്ങൾക്കുള്ളിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുമ്പാകെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കേസ്സുകളുടെ വിശദവിവരവും, ജോയിന്റ് രജിസ്ട്രാർമാർ കൈക്കൊണ്ടിട്ടുള്ള നടപടിയും വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഭരണസമിതികൾ കൈക്കൊണ്ടിട്ടുള്ള ശിക്ഷണ നടപടികൾക്കെതിരെ പരാതിപ്പെട്ടുകൊണ്ട് കഴിഞ്ഞ 3 കൊല്ലങ്ങൾക്കുള്ളിൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ മുൻപാകെ 9 കേസുകളും കൊല്ലം ജോയിന്റ് രജിസ്ട്രാർ മുൻപാകെ 2 കേസുകളും, പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ മുൻപാകെ 5 കേസുകളും, കോട്ടയം ജോയിന്റ് രജിസ്ട്രാർ മുൻപാകെ 11 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.)†

പരിയാരം മെഡിക്കൽ കോളേജിന്റെ കൈവശമുള്ള ഭൂമി

174 [773] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജിന്റെ കൈവശം ഇപ്പോൾ എത്ര ഏക്കർ ഭൂമിയാണ് ഉള്ളത് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കേസിലെ അന്യായക്കാരും എതിർ കക്ഷികളും ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 48.1562 ഹെക്ടർ ഭൂമി (119 ഏക്കർ)

(ബി) ആർ. എസ്. നമ്പർ 256/7

(സി) 1995-ലെ ഒ. പി. 14335-ലെ വിധിക്കെതിരെ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) അന്യായക്കാർ

1. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ് ലിമിറ്റഡ്, പരിയാരം.

2. അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം.

എതിർകക്ഷികൾ

1. മനോജ് കുമാർ തേറയിൽ, സെക്രട്ടറി, ഹെൽത്ത് ആക്ഷൻ നെറ്റ് വർക്ക് ഓഫ് ഡോക്ടേഴ്സ് ആന്റ് സ്റ്റുഡന്റ്സ്, തിരുവനന്തപുരം.

2. അജിത് കുമാർ, സി., പ്രസിഡന്റ്, കേരള മെഡിക്കോസ് അസോസിയേഷൻ

3. കേരള സർക്കാർ

4. ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്

5. സൂപ്രണ്ട്, സാനറ്റോറിയം, പരിയാരം

6. കണ്ണൂർ കളക്ടർ

7. ഡി.എം.ഒ., കണ്ണൂർ

8. കാലിക്കറ്റ് യൂണിവേഴ്സിറ്റി

9. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly